LIBRARY ARCHIVES Kerala Legislative Assembly

## പട്ടികജാതി ഐ.ടി.ഐ.കളുടെ പ്രവർത്തനം

51(2087) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വകുപ്പിന്റെകീഴിൽ പ്രവർത്തിക്കുന്ന 44 ഐ.ടി.ഐ. കളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി വകുപ്പ് ഡയറക്ടർക്ക് സമർപ്പിച്ചിട്ടുള്ള ഗുലാത്തി കമ്മീഷൻ റിപ്പോർട്ട് പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ ബന്ധപ്പെട്ട ഫയലിന്റെ ഇപ്പോഴത്തെ അവസ്ഥ എന്തെന്ന് വ്യക്തമാക്കാമോ?

പട്ടികജാതി വകുപ്പിന്റെകീഴിൽ പ്രവർത്തിക്കുന്ന 44 ഐ.ടി.ഐ.കളുടെ പ്രവർത്തനം വിലയിരുത്തുന്നതിനും പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി സർക്കാർ ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷൻ (GIFT) എന്ന സ്ഥാപനത്തെ നിയോഗിച്ചിട്ടുള്ളതും ടി സ്ഥാപനം റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതുമാണ്. റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടുള്ള ശിപാർശകളിൽ ഐ.റ്റി.ഐ.കളുടെ അടിസ്ഥാന സൗകര്യ വികസനം സംബന്ധിച്ചുള്ള കാര്യങ്ങൾ വകുപ്പ് നടപ്പിലാക്കിവരുന്നു.

(ബി) പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ പി.പി.പി. പദ്ധതി പ്രകാരം ആരംഭിച്ച ഐ.ടി.ഐ.കളിൽ പത്ത് വർഷം കഴിഞ്ഞിട്ടും തസ്തിക സൃഷ്ടിക്കാൻ കഴിയാത്ത സാഹചര്യമുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ?

പൊതു സ്വകാര്യ പങ്കാളിത്തത്തോടെ സർക്കാർ ഐ.ടി.ഐ.കളുടെ നിലവാരമുയർത്തുന്നതിനായി കേന്ദ്ര സർക്കാർ ആവിഷ്കരിച്ച Upgradation of Goverment ITIs through Public Private Partnership (PPP) എന്ന പദ്ധതിയിൽ തിരുവനന്തപുരം ജില്ലയിലെ മര്യാപുരം ഐ.ടി.ഐ, പത്തനംതിട്ട ജില്ലയിലെ പന്തളം ഐ.ടി.ഐ, പാലക്കാട് ജില്ലയിലെ മംഗലം ഐ.ടി.ഐ., കോഴിക്കോട് ജില്ലയിലെ ഏലത്തൂർ ഐ.ടി.ഐ. എന്നിവയെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പി.പി.പി പദ്ധതി പ്രകാരം ആരംഭിച്ച ഐ.ടി.ഐ.കളിൽ 23-8-2016-ലെ ഉ.(സാധാ) നമ്പർ 1187/16/പജ.പവ.വിവ. പ്രകാരം വിവിധ ട്രേഡുകൾ ആരംഭിക്കുന്നതിനും ആയതിലേയ്ക്കാവശ്യമായ അദ്ധ്യാപക/അനദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള താല്കാലിക ക്രമീകരണം നടത്തുന്നതിനും അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത ഐ.റ്റി.ഐ.-കളിൽ പദ്ധതി പ്രകാരമുള്ള ട്രേഡുകളിൽ സ്ഥിരം തസ്തിക സൃഷ്ടിക്കുന്നത് സർക്കാരിന്റെ പരിഗണനയിലാണ്.

(സി) വ്യവസായിക പരിശീലന വകുപ്പിൽ എംപ്ളോയബിലിറ്റി സ്കിൽ പഠിപ്പിക്കാൻ മുഴുവൻ സമയ ഇൻസ്ട്രക്ടറെ നിയമിക്കുമ്പോൾ അതേ സിലബസ് പഠിപ്പിക്കുന്ന പട്ടികജാതി ഐ.ടി.ഐ.കളിൽ ഒരു മാസത്തേയ്ക്ക് മാത്രം ഗസ്റ്റ് ഇൻസ്ട്രക്ടറെ നിയമിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഭാരത സർക്കാരിന്റെ ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗിന്റെ (DGT) മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായാണ് പട്ടികജാതി വികസന വകുപ്പിന്റെകീഴിൽ ഐ.റ്റി.ഐ.കൾ പ്രവർത്തിക്കുന്നത്. എംപ്ലോയബിലിറ്റി സ്കിൽ എന്ന വിഷയം ആകെ 110 മണിക്കൂർ പഠിപ്പിക്കുന്നതിനാണ് DGT നിർദ്ദേശിച്ചിട്ടുള്ളത്. പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് ടി വിഷയം പഠിപ്പിക്കാൻ ഒരു മാസത്തേയ്ക്ക് (110 മണിക്കൂർ) ഇൻസ്ട്രക്ടറെ തെരഞ്ഞെടുക്കാനും മണിക്കൂറിന് 240 രൂപ വേതനം അനുവദിക്കാനും 11-12-2019-ലെ സ.ഉ(സാധാ) നമ്പർ 1359/2019/പജ.പവ.വിവ. പ്രകാരം അനുമതി നൽകിയിട്ടുള്ളത്. DGT പ്രസ്തുത വിഷയത്തിന്റെ പരിശീലന സമയ ദൈർഘ്യം 240 മണിക്കൂറായി വർദ്ധിപ്പിച്ചിട്ടുള്ള സാഹചര്യത്തിൽ വകുപ്പിന്റെ ഐ.റ്റി.ഐ.കളിൽ പ്രസ്തുത വിഷയം 240 മണിക്കൂർ പഠിപ്പിക്കുന്നതിനുള്ള ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു. വ്യാവസായിക പരിശീലന വകുപ്പിന്റെ ഐ.റ്റി.ഐ.കളിലെ ട്രേഡുകളുടെ എണ്ണം, യൂണിറ്റുകളുടെ എണ്ണം, പരിശീലനാർത്ഥികളുടെ എണ്ണം എന്നിവയുമായി വകുപ്പിന്റെ ഐ.റ്റി.ഐ.കളെ താരതമ്യം ചെയ്യുന്നത് പ്രായോഗികമല്ല. പട്ടികജാതി വികസന വകുപ്പിന്റെ ഭൂരിഭാഗം ഐ.റ്റി.ഐ.കളിലും ഒന്നോ, രണ്ടോ ട്രേഡുകൾ മാത്രമാണുള്ളതെന്നതിനാലാണ് എംപ്ലോയബിലിറ്റി സ്കിൽ ഇൻസ്ട്രക്ടറുടെ സേവനം ഒരു മാസത്തേയ്ക്കായി പരിമിതപ്പെടുത്തിയിട്ടുള്ളത്.

**മാവേലിക്കര ഉമ്പർനാട് ഐ.ടി.ഐ-യ്ക്ക് പുതിയ കെട്ടിടം**

52(2088) <u>ശ്രീ. എം. എസ്. അരുൺ കുമാർ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി ക്ഷേമ വകുപ്പിന്റെ കീഴിലുള്ള മാവേലിക്കര ഉമ്പർനാട് ഐ.ടി.ഐ-ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കെട്ടിടം പൂർത്തീകരിക്കുവാൻ നിലവിൽ അനുവദിക്കപ്പെട്ട തുക പര്യാപ്തമല്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത കെട്ടിടനിർമ്മാണം പൂർത്തിയാക്കുവാൻ ആവശ്യമായ തുക അനുവദിക്കുമോ; വിശദവിവരം ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly